D... ED
Dt.08/8/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1703(1)/2014/SIC**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 10311/SIC-G4/2014)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി: 2022 ആഗസ്റ്റ് 1

ശ്രീ. കുര്യൻ ജോർജ്ജ്,
തെക്കിനിക്കാട് ന്യു ഹൗസ്,
അരീപ്ലാച്ചി പി.ഒ., (വഴി) പുനലൂർ,
കൊല്ലം – 691 333. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കളക്ടറേറ്റ്, കൊല്ലം.
2. അപ്പീൽ അധികാരി &
സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ,
സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കളക്ടറേറ്റ്, കൊല്ലം.
3. ശ്രീ. പി. വിശ്വംഭരൻ,
ജില്ലാ സർവ്വെ സൂപ്രണ്ട്,
കളക്ടറേറ്റ്, ഇടുക്കി – 685 603.

} എതിർകക്ഷികൾ

## ഉത്തരവ്

ബഹു. കേരള ഹൈക്കോടതി WP(C)10292/2022 നമ്പർ കേസ്സിൽ 24.5.2022–ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ AP.1703(1)/2014/SIC നമ്പർ അപ്പീൽ ഹർജിയിന്മേൽ 07.12.2019–ൽ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് റദ്ദാക്കി കമ്മീഷൻ 27.11.2018–ൽ ഇറക്കിയ കത്തു മുതലുള്ള (Ex.P.14) കാര്യങ്ങൾ വീണ്ടും പരിശോധിച്ച് റിട്ട് ഹർജിയിലെ 6–ാം എതിർകക്ഷിയെയും ഹർജിക്കാരനേയും നേരിൽ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായിരുന്നു.

2. ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയിൽ പ്രസ്താവിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഫയലിൽ രേഖപ്പെടുത്തിയ അളവ് പരിശോധിക്കാനും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമാണെന്നും ടിയാന്റെ അപേക്ഷ 3.10.2013–ൽ സർവ്വെ ഡയറക്ടർക്കാണ് നൽകിയിരുന്നതെന്നും, ആയത് പിന്നീട് കൊല്ലം ജില്ലാ സർവ്വെ സുപ്രണ്ടിന് കൈമാറുകയുണ്ടായി എന്നും തുടർന്ന് ഫയൽ പരിശോധിക്കാനുള്ള ടിയാളുടെ അപേക്ഷ കൊല്ലം ജില്ലാ സർവ്വെ സുപ്രണ്ട് 27.11.2013–ലെ കത്തു മുഖേന നിരസിച്ചു എന്നുമാണ്.

3. ശ്രീ. പി.വിശ്വംഭരൻ എന്ന ജില്ലാ സർവ്വെ സുപണ്ടാണ് ടിയാന് വിവരം നിഷേധിച്ചതെന്ന് 5.10.2018–ലെ കത്തു മുഖേന ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.വിശ്വംഭരനിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ച വിശദീകരണം അംഗീകരിച്ച് 7.12.2019–ൽ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയത്.

4. ഇടുക്കി ജില്ലാ സർവ്വെ സുപ്രണ്ട് ശ്രീ. പി.വിശ്വംഭരൻ 6.7.2022 ശ്രീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്താവിച്ചത്, ടിയാൻ കൊല്ലം ജില്ലാ സർവ്വെ സുപ്രണ്ടായിരിക്കെ ശ്രീ. കുര്യൻ ജോർജ് എന്നയാൾ നൽകിയ അപ്പീലിൻമേൽ സ്വീകരിച്ച നടപടിയുടെയും ആയതിന്മേൽ ടിയാൾ സ്വീകരിച്ച നടപടിയെ സംബന്ധിച്ചും ബഹു. മുഖ്യ വിവരാവകാശ കമ്മീഷണറുടെ ഉത്തരവിനെതിരെയും ഹർജിക്കാരൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C)10292/2022 നമ്പരായി കേസ്സ് നൽകിയെന്നും ശ്രീ. കുര്യൻ ജോർജ് നൽകിയ അപ്പീൽ പ്രകാരം നിയാനുസൃത നടപടികൾ പൂർത്തിയാക്കി സമയം നിശ്ചയിച്ച് നോട്ടീസ് നൽകിയതിൻപ്രകാരം അപ്പീൽ പരിശോധനയ്ക്കായി സ്ഥലത്ത് ഹാജരായിരുന്നു എന്നും ടി സമയം ശ്രീ. കുര്യൻ ജോർജ് മാത്രമേ സ്ഥലത്തുണ്ടായിരുന്നുള്ളു എന്നും എതിർകക്ഷികൾ ഹാജരാകാതിരുന്നതിനാൽ ഫയൽ പരിശോധിച്ചതിൽ നോട്ടീസ് നൽകിയിരുന്നെങ്കിലും നോട്ടീസ് അഡ്രസ് കക്ഷിയെ കണ്ടെത്താൻ കഴിയാതെ മടങ്ങി വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അഡ്രസ്സ് ചെക്ക് ചെയ്തതിൽ അഡ്രസ്സ് പൂർണ്ണമായി എഴുതാത്തതിനാൽ മടങ്ങിയിട്ടുള്ളതാണെന്നും ഉടൻ തന്നെ വിഷയം അപ്പീൽ കക്ഷിയെ ബോധ്യപ്പെടുത്തി അപ്പീൽ പരിശോധന മറ്റൊരു ദിവസം നോട്ടീസ് നൽകി പരിശോധിക്കാമെന്ന് അറിയിച്ചു എന്നും എന്നാൽ താലൂക്ക് സർവ്വെയർക്കെതിരെ സർവ്വെ ഡയറക്ടർക്ക് നൽകിയ പരാതിക്ക് (ധ്വസനോളം വേലിക്കല്ലുകൾ സ്ഥാപിച്ചു

എന്നത്) മറുപടി നൽകുന്നതിനുവേണ്ടി ഏതാനും ചില മെഷർമെന്റുകൾ (ഭൂമിയിൽ കണ്ട കല്ലുകളെ സംബന്ധിച്ച് മാത്രം) ചെക്ക് ചെയ്ത് ആയതിൻപ്രകാരം സർവ്വെ ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു എന്നും ടി നടപടി സംബന്ധിച്ച് ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും സമയപരിധിക്കുള്ളിൽ നടപടികളെ സംബന്ധിച്ചും വിവരം നൽകിയിരുന്നു എന്നും ഓരോ താലൂക്കിലേയും എൽ.ആർ.എം. ഫയലുകളിൽ അപ്പീൽ പരിശോധന നിർവ്വഹിക്കേണ്ടുന്നത് ജില്ലാ സർവ്വെ സുപ്രണ്ടിൽ നിക്ഷിപ്തമായിട്ടുള്ള ഡ്യൂട്ടിയാണെന്നും ആയത് നിലവിലുള്ള റിക്കോർഡിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ആഫീസ് മുഖാന്തിരം താലൂക്ക് സർവ്വെയർ അളവ് നടപടി സ്വീകരിച്ചതിൻപ്രകാരം നോട്ടീസ് നൽകുന്നതും ടി നോട്ടീസിന്റെ അടിസ്ഥാനത്തിൽ മേൽ പരിശോധന ആവശ്യമുള്ളപക്ഷം അപ്പീൽ നൽകാവുന്നതാണെന്നും അപ്പീൽ പരിശോധനയിൽ ഫീൽഡ് മെഷർമെന്റ് ചെക്ക് ചെയ്ത് താലൂക്ക് സർവ്വെയർ ചെയ്തതിൽ ഏതെങ്കിലും അപാകതയുണ്ടെങ്കിൽ ആയവ (കല്ലുകൾ) യഥാസ്ഥാനത്ത് മാറ്റി സ്ഥാപിക്കുകയെന്നതാണ് അപ്പീൽ പരിശോധനയിലൂടെ നിർവ്വഹിക്കുന്നതെന്നും ടി നടപടിയിൽ പ്രത്യേകിച്ച് മെഷർമെന്റുകൾ നോട്ട് ചെയ്ത് ഫയലിൽ സൂക്ഷിക്കാറില്ലെന്നും ശ്രീ. കുര്യൻ ജോർജിന്റെ അപ്പീൽ അപേക്ഷയിൽ നടപടി സ്വീകരിക്കുന്ന സമയത്ത് റെക്കോർഡിന്റെ അടിസ്ഥാനത്തിൽ യഥാസ്ഥാനത്ത് കല്ലുകൾ സ്ഥാപിച്ചു നൽകി പരിഹരിക്കാമെന്ന നിലയിലാണ് അന്നേ ദിവസം പരാതി സ്ഥലത്തു നിന്നും മടങ്ങിയിട്ടുള്ളതെന്നും തുടർന്ന് എതിർകക്ഷികളുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ അവകാശ തർക്കവുമായി ബന്ധപ്പെട്ട കാരണങ്ങളാൽ അപ്പീൽ പരിശോധന പെൻഡിംഗ് വച്ചിട്ടുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെടുന്ന സംഗതികൾ ബന്ധപ്പെട്ട ഫയലിൽ ചേർത്തിട്ടുള്ളവയല്ല എന്നും ആകയാൽ തനിക്ക് അത് വിവരാവകാശ നിയമപ്രകാരമോ അല്ലാതെയോ നൽകുവാൻ കഴിയുമായിരുന്നില്ല എന്നും വിവരാവകാശ നിയമത്തിന് വിരുദ്ധമായി ഏതെങ്കിലും വിവരങ്ങൾ നൽകാതിരിക്കുവാനോ, വെച്ച് താമസിപ്പിക്കുവാനോ ടിയാൻ ശ്രമിച്ചിട്ടില്ലാത്തതാണെന്നും ടിയാന്റെ സർവ്വീസിനിടയിൽ വിവരാവകാശ നിയമത്തിന്റേയോ, മറ്റെന്തെങ്കിലും വിഷയവുമായി ബന്ധപ്പെട്ടോ ശിക്ഷണ നടപടിയ്ക്ക് കാരണമാകുവാൻ ഇടയാകുന്ന വീഴ്ചകളോ, ക്രമക്കേടോ ഒന്നും തന്നെ ഉണ്ടാകുവാൻ ഇട വരുത്തിയിട്ടില്ലെന്നുമാണ്.

5. ഇടുക്കി ജില്ലാ സർവ്വെ സുപ്രണ്ട് ശ്രീ. പി.വിശ്വംഭരൻ 25.7.2022 തീയതി സമർപ്പിച്ച മറ്റൊരു വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകുക എന്ന നിർദ്ദേശം (ടിയാന്റെ അപേക്ഷ കൊല്ലം ജില്ലാ സർവ്വെ സൂപ്രണ്ടിന് കൈമാറിയിരുന്നില്ല) പാലിക്കുവാൻ സാധിക്കുമായിരുന്നില്ല. കാരണം

ആവശ്യപ്പെട്ട വിവരം രേഖയായി സൂക്ഷിച്ചിട്ടുള്ള സംഗതിയായിരുന്നില്ല. ആവശ്യപ്പെട്ട വിവരം ഉണ്ടാക്കി നൽകുവാനും കഴിയുന്നതല്ലെന്നും ആവശ്യപ്പെടുന്ന വിവരം ഉണ്ടാക്കി കൊടുക്കുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്നില്ല. സർവ്വെ ഡയറക്ടറേറ്റിലെ ഒന്നാം അപ്പീൽ കക്ഷിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കുര്യൻ ജോർജ് എന്നവരുടെ അപ്പീൽ ഫയലിലെ എല്ലാ നടപടി വിവരവും യഥാസമയം തന്നെ ടിയാൻ കൈമാറിയിട്ടുള്ളതിനാലും, കക്ഷി ആവശ്യപ്പെട്ട മെഷർമെന്റ് വിവരം അംഗീകാരമുള്ളവ അല്ലാത്തതും ഫയലിൽ ചേർത്ത് സൂക്ഷിച്ചിട്ടില്ലാത്ത പ്രാധാന്യമുള്ളവയല്ലാത്തതിനാലും ആയവ 'രേഖ' എന്ന നിലയിൽ നൽകുവാൻ കഴിഞ്ഞിരുന്നില്ല എന്ന് ബോധ്യപ്പെട്ടതിനാൽ കമ്മീഷൻ മുൻപ് പുറപ്പെടുവിച്ച ഉത്തരവ് ശരിവയ്ക്കണമെന്നുമാണ്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി താൻ നിർവ്വഹിച്ച ഡ്യൂട്ടിയിലെ രേഖപ്പെടുത്താത്ത വിവരം 'രേഖപ്പെടുത്തുവാൻ ജില്ലാ സർവ്വെ സൂപ്രണ്ട് ബാദ്ധ്യസ്ഥനാണ്' എന്ന നിലയിലാണ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും ടി കേസ്സിലെ സംഗതി രേഖപ്പെടുത്തേണ്ടവ അല്ലാത്തതാണെന്നും ടിയാൻ എന്നെ വ്യക്തിപരമായി കോടതി കേസിൽ ഉൾപ്പെടുത്തി മാനസ്സികവും സാമ്പത്തികവുമായ ക്ലേശങ്ങൾ വരുത്തിയിട്ടുണ്ടെന്നുമാണ്.

5. ഹിയറിംഗ് വേളയിൽ അപ്പീൽ ഹർജിക്കാരനും എതിർകക്ഷിയായ ശ്രീ. പി.വിശ്വംഭരനും ഉന്നയിച്ച വസ്തുതകളും, മറ്റ് ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. നേരിൽ കേട്ട വേളയിൽ, എസ്.പി.ഐ.ഒ. ആയ ശ്രീ. പി.വിശ്വംഭരന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതിനാൽ ടിയാനെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ടു. ഫയൽ പരിശോധിക്കുന്നതിന് ഹർജിക്കാരന് അവസരം നൽകാത്തത് എന്താണെന്ന ചോദ്യത്തിന് ഹർജിക്കാൻ ആവശ്യപ്പെട്ടെങ്കിൽ ഫയലിൽ കുറിപ്പുകൾ ഉണ്ടായിരുന്നതിനാൽ ഫയൽ പരിശോധനയ്ക്ക് നൽകുമായിരുന്നു എന്ന് ശ്രീ.പി.വിശ്വംഭരൻ ബോധിപ്പിച്ചു. എന്നാൽ ശ്രീ. കുര്യൻ ജോർജിന്റെ 3.10.2013-ലെ വിവരാവകാശ അപേക്ഷ പരിശോധിച്ചതിൽ ഫയൽ പരിശോധിക്കുന്നതിനും, ടിയാളുടെ അതിർത്തി കൈയ്യേറി കല്ലിട്ടതു സംബന്ധിച്ച വിവരങ്ങളും ആവശ്യപ്പെട്ടതായി കാണുന്നു. എസ്.പി.ഐ.ഒ. വിവരാവകാശ അപേക്ഷയിലെ ആവശ്യം വ്യക്തമായി മനസ്സിലാക്കിയില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. ബന്ധപ്പെട്ട ഫയൽ എതിർകക്ഷി ഓഫീസിൽ നിന്ന് കമ്മീഷൻ നേരിട്ട് വിളിച്ചു വരുത്തുകയും പരിശോധിക്കുകയും ചെയ്യുകയുണ്ടായി. ഫയൽ

വ്യക്തമായി പരിശോധിച്ചതിൽ ശ്രീ.പി. വിശ്വംഭരന്റെ ഭാഗത്തു നിന്നും വിവരങ്ങൾ മറച്ചു വയ്ക്കുന്നതിന് മന:പൂർവ്വമോ ബോധപൂർവ്വമോ ആയ ശ്രമം ഉണ്ടായതായി കാണുന്നില്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെടുന്നതു പ്രകാരം എസ്.പി.ഐ.ഒ. ആയ ശ്രീ. പി.വിശ്വംഭരനെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല. എന്നാൽ ഹർജിക്കാരനായ ശ്രീ. കുര്യൻ ജോർജ് 20.7.2022-ന് സമർപ്പിച്ച അപേക്ഷയിൽ ബന്ധപ്പെട്ട ഫയൽ നേരിട്ടു കാണാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കാരനായ ശ്രീ. കുര്യൻ ജോർജിന് ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിനായി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം കൊല്ലം ജില്ലാ സർവ്വെ സൂപ്രണ്ട് അവസരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി കൊല്ലം ജില്ലാ സർവ്വെ സൂപ്രണ്ടിന് അയച്ചു നൽകേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ആഗസ്റ്റ് മാസം 1-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us